# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T4439

25-10-2016-ൽ മറുപടിക്ക്

## സ്റ്റാർട്ട് അപ് പ്രോത്സാഹനത്തിന് കർമ്മ പദ്ധതികൾ

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി.ഡി.സതീശൻ

(എ) സംസ്ഥാനത്ത് സ്റ്റാർട്ട് അപ്പുകളുടെ പ്രോൽസാഹനത്തിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) & (ബി) സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹങ്ങൾക്കിടയിൽ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ നൂതന ആശയങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠനകാലയളവിൽ സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്, ഹാജർ തുടങ്ങിയവ നൽകി വരുന്നു. കൂടാതെ

- നൂതന ആശയവുമായി സമീപിക്കുന്നവർക്ക് പ്രീ-ഇൻകുബേഷൻ, ഇൻകുബേഷൻ സൗകര്യം.
- ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ടിംഗ്.
- ബിസിനസ് വർദ്ധിപ്പിക്കുന്നതിന് ആക്സിലേറ്റർ സൗകര്യം.
- ഉന്നത നിലവാരമുള്ള സാങ്കേതിക ഉല്പന്നങ്ങൾ ഉൾപ്പെട്ട സ്റ്റാർട്ട് അപ് ബോക്സുകൾ നൽകുക.
- പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുക.
- വിവിധ പരിശീലന കളരികളിലും ചർച്ചകളിലും പങ്കെടുക്കുന്നതിനുള്ള അവസരം.
- IOT, R&D ലാബ് സൗകര്യങ്ങൾ.
- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനം നൽകുക

- യുവതലമുറയെ തൊഴിൽ അന്വേഷക രിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരു ക്കുക.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി യുവസംരംഭ കർക്ക് നേരിൽ ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ യുവ സംരംഭകർക്കായി നൽകി വരുന്നു.

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ ?

(സി) സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്ത് ഉടനീളം ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിക്ഷേപകർക്കു മുന്നിൽ അവതരിപ്പി ക്കുന്നതിനും നിക്ഷേപകരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

യുവ സംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യിൽ ആരംഭിച്ചിട്ടുള്ള സീഡ് ഫണ്ടിങ്ങ് സ്കീം തുടരുന്നതാണ്. പ്രസ്തുത സ്കീം പ്രകാരം വിദ്യാർത്ഥി/യുവ സംരംഭകരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം വായ്പ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

സംരംഭകത്വ മേഖലയിലേയ്ക്ക് കടന്നു വരുന്ന യുവ വിദ്യാർത്ഥി സംരംഭകരെ പ്രോൽസാഹിപ്പിക്കുവാനും അവർക്കാ വശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനു മായി സെമിനാറുകളും, ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി കെ.എസ്.ഐ. ഡി.സി. ടൈ, സി.ഐ.ഐ എന്നീ ഏജൻ സികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ